(ബി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തെ ഏൽപ്പിച്ച ജോലികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ബിനിഫിഷറി ഡിപ്പാർട്ടുമെന്റുകളുടെ ധനാഭ്യർത്ഥന പ്രകാരം ബഡ്ജറ്റിൽ വകയിരുത്തുന്ന തുക കണക്കിലെടുത്ത് ലറ്റർ ഓഫ് ക്രഡിറ്റ് റിലീസ് ചെയ്യുകയും അതതു വകുപ്പുകളുടെ നിർമ്മാണ ജോലികൾക്കായി പ്രയോജനപ്പെടുകയും ചെയ്യണമെന്ന 18-12-2002-ലെ ഹൈക്കോടതി ഉത്തരവ് നടപ്പിലായിട്ടുണ്ടോ;

(ഡി) ഈ വിഭാഗത്തിൽ കരാറുകാരുടെ കുടിശ്ശിക എന്നുവരെ കൊടുത്തു തീർത്തിട്ടുണ്ട്;

(ഇ) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ബിൽ പേയ്മെന്റ് നടത്തുന്നതിന് പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക ബില്ലുകൾ നൽകി വരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

(ഡി) 31-3-2004 വരെ.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാത്ത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം

121 [2192] **ശ്രീ. എ. കെ. ബാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടും അവർ ഏറ്റെടുക്കാത്ത സാധാരണ ജില്ലാ റോഡുകളും ഗ്രാമീണ റോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(സി) എത്ര കിലോമീറ്റർ റോഡാണ് ഇപ്രകാരം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാലക്കാട് ജില്ലയിലെ ഏതെല്ലാം റോഡുകളാണ് ഇപ്രകാരം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്ന റോഡുകൾ, ഗതാഗത സൗകര്യമുള്ള റോഡുകൾ 8 മീറ്റർ വീതിയിൽ റോഡു നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തുകൾ സൗജന്യമായി ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും കണക്കിലെടുക്കുന്നത്.

(സി) ഇപ്രകാരമുള്ള 10800 കി. മീറ്ററോളം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കെ. എസ്. ടി. പി. ലോകബാങ്ക് വ്യവസ്ഥകൾ

122 [2193] ശ്രീ. ജോണി നെല്ലൂർ:

„ ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി.-യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടന്നുവരുന്ന റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതും നഷ്ടപരിഹാരം നൽകുന്നതും സംബന്ധിച്ച് ലോകബാങ്ക് എന്തെങ്കിലും വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരം സംബന്ധിച്ചും മറ്റുമുണ്ടാകുന്ന പരാതികൾ സമർപ്പിക്കുന്നതിനായി എം.എൽ.എ., പഞ്ചായത്ത് പ്രസിഡണ്ട് തുടങ്ങിയ ജനപ്രതിനിധികൾ ഉൾപ്പെട്ട കമ്മിറ്റി രൂപീകരിക്കണമെന്ന വ്യവസ്ഥ ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഏതെങ്കിലും സ്ഥലത്ത് ഇത്തരം കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ടോ;

(ഡി) ഏതെങ്കിലും കമ്മിറ്റികൾക്ക് പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പുറംപോക്കിൽ താമസിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുവാനുള്ള എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിച്ചുവോ എന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly